**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 139** **08-08-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആലോചനയുണ്ടോ; എങ്കിൽ ഇതിനു വേണ്ട പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കാസർഗോഡ് അഗ്നിരക്ഷാ നിലയത്തിന് കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് 18 കോടിയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റും പ്ലാനും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിരുന്നു. പരിശോധനയിൽ വളരെയധികം ന്യൂനതകൾ ഉള്ളതായി അഗ്നിരക്ഷാ സേവന വകുപ്പ് കണ്ടെത്തിയതിനാൽ അവ പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് തിരികെ നല്കിയിട്ടുണ്ട്. അന്തിമ പ്ലാൻ ലഭിക്കുന്ന മുറയ്ക്ക് മാത്രമെ സൗകര്യങ്ങൾ, അനുമതി എന്നിവ സംബന്ധിച്ച് വ്യക്തതയുണ്ടാവുകയുള്ളൂ. |
| (ബി) | ഇത് എത്ര നിലകളുള്ള കെട്ടിടമാണെന്നും എന്തെല്ലാം സൗകര്യങ്ങളും സംവിധാനങ്ങളും കെട്ടിടത്തിൽ ഉണ്ടാകുമെന്നും വ്യക്തമാക്കുമോ; | (ബി) | പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കെട്ടിടത്തിൽ ജീവനക്കാർക്കു താമസിക്കാനുള്ള സൗകര്യം ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോൾ ലഭ്യമാക്കുമെന്നും വ്യക്തമാക്കുമോ? | (ഡി) | പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ